(സി) നടപടി സ്വീകരിക്കുന്നതാണ്. 2014-15-ൽ സംസ്ഥാനത്തെ 1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 11,500 രൂപ സബ്സിഡി നിരക്കിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 178.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് (കൂട്ടനാട് പാക്കേജ് പദ്ധതി) അനുസരിച്ച് 166.67 ഹെക്ടർ സ്ഥലത്ത് 50 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

എൻഡോസൾഫാന്റെ അമിതമായ തോതിലെ ഉപയോഗം

216 (3503) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ അമിതമായ തോതിൽ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൻഡോസൾഫാന്റെ ഉപയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 6-11-2014-ന് കൃഷി വകുപ്പിലേയും മലിനീകരണ നിയന്ത്രണ ബോർഡിലേയും ഉദ്യോഗസ്ഥരുടെ യോഗം പാലക്കാട് ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് നടത്തുകയുണ്ടായി. അട്ടപ്പാടി, ചിറ്റൂർ താലൂക്ക് മേഖലകളിൽപ്പെടുന്ന പഞ്ചായത്തുകളിൽ എൻഡോസൾഫാൻ പോലുള്ള മാരക കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിനും ഇവയുടെ ഉപയോഗം തടയുന്നതിനുമായി അടിയന്തര നടപടികൾ കൃഷി വകുപ്പിന്റെ ചുമതലയിൽ സ്വീകരിക്കുവാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു. അതനുസരിച്ച് കൃഷി ഡെപ്യൂട്ടി ഡയറക്ടർ, കൃഷി അസി. ഡയറക്ടർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ സ്ക്വാഡ് അഗളി, മുതലമട, കൊല്ലങ്കോട് പ്രദേശങ്ങളിൽ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടില്ല.' Imidachlorprid, Lamdacyhalothrin, wettable sulphur' എന്നിവ മാവിന് സ്പ്രേ ചെയ്യുന്നതായി കണ്ടെത്തി. ഇവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും അനുവദിക്കപ്പെട്ട ഡോസിൽ സ്പ്രേ ചെയ്യുന്നതിനുള്ള ബോധവൽക്കരണം നടത്തിയിട്ടുണ്ട്. മാവ് പൂക്കുന്ന സമയത്തുള്ള കീടാക്രമണം ചെറുക്കുന്നതിനാവശ്യമായ ജൈവ കീടനാശിനികൾ സംബന്ധിച്ച ശിപാർശകൾ കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly